**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4144** 16.05.2017-ൽ മറുപടിയ്ക്ക്

**<u>മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം</u>**

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിരീക്ഷണ ക്യാമറകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും കൺട്രോൾ ചെയ്യുന്നതിനുമുള്ള സംവിധാനത്തെ സംബന്ധിച്ച് വിവരം ലഭ്യമാക്കുമോ ; | (ബി) | കെൽട്രോൺ സ്ഥാപിച്ച ക്യാമറകളുടെ നിയന്ത്രണം എറണാകുളത്തെ കൺട്രോൾ റൂമിലും, കേന്ദ്രസർക്കാർ പദ്ധതിയായ Automation of Enforcement പദ്ധതിയുടെ ഭാഗമായി എയർടെൽ സ്ഥാപിച്ച ക്യാമറകളുടെ നിയന്ത്രണം എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലുള്ള കൺട്രോൾ റൂമുകളിലും നടക്കുന്നു. |
| (സി) | ക്യാമറകളുടെ പ്രവർത്തനം ശരിയായ രീതിയിലല്ലെന്ന പരാതികൾ പരിശോധിക്കുമോ ; | (സി) | പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഏതെല്ലാം സഹായങ്ങളാണ് | (ഡി) | എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിനും ശബരിമല സേഫ് സോൺ പദ്ധതിയ്ക്കും റോഡ് സുരക്ഷാ വാരാചരണത്തിനും റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്ന് വകുപ്പിന് തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | വകുപ്പിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | | Automation of Enforcement പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള കൺട്രോൾ റൂമുകളിലെ പ്രവർത്തനങ്ങൾക്കായി ദിവസ വേതന വ്യവസ്ഥയിൽ ആളെ നിയമിച്ചതിനുള്ള വേതനം കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും നൽകുന്നുണ്ട്. |
| (ഇ) | അപകടങ്ങൾ ഒഴിവാക്കുവാൻ മോട്ടോർ വാഹന വകുപ്പും റോഡ് സേഫ്റ്റി അതോറിറ്റിയും സംയുക്തമായി പ്രവർത്തിക്കുവാൻ നിർദ്ദേശം നൽകുമോ ? | (ഇ) | റോഡപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി റോഡ് സുരക്ഷാ അതോറിറ്റിയും മോട്ടോർ വാഹന വകുപ്പും നിലവിൽ സംയുക്തമായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ